**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 448** — **09-08-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് കമ്പനികൾ നിരസിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് എൻലിസ്റ്റ് ചെയ്ത ആശുപത്രികളിൽ ചികിത്സ തേടിയ ഗുണഭോക്താക്കൾക്ക് അർഹമായ ചികിത്സാ ആനുകൂല്യം നൽകാതെ ഇൻഷ്വറൻസ് കമ്പനി നിരസിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾ മെഡിസെപ് വെബ്സൈറ്റിലെ Grievance Link -ലെ Level-I Grievance filing menu മുഖേന പരാതി സമർപ്പിക്കാൻ ആവശ്യപ്പെടുകയും പ്രസ്തുത പരാതി സമയബന്ധിതമായി പരിഹരിക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ പരാതി പരിഹാരം തൃപ്തികരമല്ലെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് ജില്ലകൾ തോറും ജില്ലാ കളക്ടർ കൺവീനർമാരായ ജില്ലാതല പരാത് പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി, ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ് കൺവീനറായ സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിയിലും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായ അപ്പലേറ്റ് അതോറിറ്റിയിലും പരാതി സമർപ്പിക്കുവാനുള്ള സംവിധാനം മെഡിസെപ് പോർട്ടലിൽ ലഭ്യമാണ്.** |
| (ബി) | അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്ന മെഡിസെപ്പിൽ ശസ്ത്രക്രിയക്ക് ശേഷം ഇൻഷ്വറൻസ് കമ്പനി ആനുകൂല്യം നിഷേധിക്കുന്നതിലൂടെ വലിയ തുക ആശുപത്രിയിൽ സ്വന്തമായി അടക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | മെഡിസെപ് പദ്ധതിയിലെ ഗുരുതര രോഗങ്ങൾക്കായി കമ്പനി വകയിരുത്തിയിരിക്കുന്ന 35 കോടി വിനിയോഗിച്ച ശേഷമുള്ള ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിഗണനയിലാണെന്നും ഇതിന്മേൽ കമ്പനിയുമായി ചേർന്ന് അന്തിമ തീരുമാനത്തിലെത്തുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള ക്ലെയിമികൾ അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വിമുക്തഭടൻമാർക്ക് എക്സ്-സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം നിലവിലുള്ളതിനാൽ മെഡിസെപ്പ് സ്കീമിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ; | (സി) | **സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയായതിനാൽ പദ്ധതികാലയളവിൽ ഗുണഭോക്താക്കളാരെയും മെഡിസെപ്പ് പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യവും ഇവരുടെ പ്രീമിയം ഇനത്തിൽ പിടിച്ച തുക തിരികെ നൽകുന്ന കാര്യവും പരിഗണിക്കാൻ നിർവ്വാഹമില്ല.** |
| (ഡി) | വിമുക്തഭടൻമാർ നിലവിൽ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽ പണമടക്കുന്നതിനാൽ മെഡിസെപ്പ് സ്കീമിൽ നിന്നും ഒഴിവാക്കുന്നകാര്യവും ഇതിനായി പിടിച്ച തുക തിരികെ നൽകുന്നകാര്യവും പരിഗണിക്കുമോ? | (ഡി) | **സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയായതിനാൽ പദ്ധതികാലയളവിൽ ഗുണഭോക്താക്കളാരെയും മെഡിസെപ്പ് പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യവും ഇവരുടെ പ്രീമിയം ഇനത്തിൽ പിടിച്ച തുക തിരികെ നൽകുന്ന കാര്യവും പരിഗണിക്കാൻ നിർവ്വാഹമില്ല.** |

സെക്ഷൻ ഓഫീസർ